പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1218 — 30.09.2016-ലെ മറുപടിക്ക്

## വിദ്യാർത്ഥികൾക്ക് കൺസഷൻ

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ ആദിവാസികൾ തിങ്ങിപ്പാർക്കുന്ന കുട്ടമ്പുഴ, ഇടമലയാർ, വടാട്ടുപാറ, മാമലക്കണ്ടം പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ; | (ബി) യും (സി) യും | ആവശ്യത്തിന് സർവ്വീസുകൾ ഇല്ലാത്തതിനാലാണ് കൺസഷൻ നൽകാതിരുന്നത്. എന്നിരുന്നാലും കൺസഷൻ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ഈ റൂട്ടിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ കൊടുക്കുന്നതിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | ആദിവാസികളും, എസ്.സി. വിഭാഗം കുട്ടികളും തിങ്ങിപ്പാർക്കുന്ന ഈ മേഖലയിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ ലഭ്യമാക്കുന്നതിനു വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ